ജയിൽ ആസ്ഥാനകാര്യാലയം

തിരുവനന്തപുരം-12

നമ്പർ:33/ക്യാമ്പ്/ഡിജിപി(പ്രിസൺസ്)/2015 തീയതി : 18-04-2015

**സർക്കുലർ നമ്പർ 10/2015**

തടവുകരെ ജയിലിൽ പ്രവേശിപ്പിക്കുമ്പോൾ നിർബന്ധമായും ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ടുകൾ ഉണ്ടായിരിക്കണമെന്ന് 8/12/2014 ലെ എച്.സി.(ജി)-18016/2014 സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു.

1/1/2015 ന് ശേഷം എത്ര തടവുകാരെയാണ് ഓരോ ജയിലിലും അഡ്മിറ്റ് ചെയ്തിട്ടുള്ളത്/, അതിൽ എത്ര പേർക്ക് ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ട് ഉണ്ടായിരുന്നു? ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ട് ഇല്ലാതെ ഏതെങ്കിലും തടവുകാരെ അഡ്മിറ്റ് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ കാരണങ്ങൾ?

മുകളിൽ പരാമർശിച്ച ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ട് ഇല്ലതെ തടവുകാരെ പ്രവേശിപ്പിച്ചാൽ അതിൻെറ പൂർണ്ണ ഉത്ത്രവാദിത്വം ജയിൽ സൂപ്രണ്ടിനും, പ്രവേശിപ്പിക്കുന്ന മറ്റേതൊരു ഉദ്യോഗസ്ഥനും ആയിരിക്കുമെന്ന് ഇതിനാൽ ഒന്നു കൂടി ഓർമ്മപെടുത്തുന്നു. അസുഖം മൂലമോ മറ്റോ ഏതെങ്കിലും തടവുകാരൻ മരിക്കാനിടയാകുന്ന സമയം ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ട് ഇല്ലെങ്കിൽ അതിനു വേണ്ടി വരുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ജയിൽ സൂപ്രണ്ടും, പ്രവേശനം നടത്തുന്ന ഉദ്യോഗസ്ഥനും വ്യക്തിപരമായ ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

ഡി.ഐ.ജി മാർ ജയിലുകൾ സന്ദർശിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അഡ്മിറ്റ് ചെയ്യപ്പെട്ട തടവുകാരുടെ എണ്ണവും ലഭ്യമായ ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർ ട്ടിൻെറ എണ്ണവും നോക്കി ബോദ്ധ്യപ്പെടേണ്ടതാണ്.

ടി.പി.സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

എല്ലാ ഡി.ഐ.ജി.മാർക്കും